**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 923** **11-02-2025 - ൽ മറുപടിയ്ക്ക്**

**അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ വനം ഡിവിഷൻ മച്ചാട് റെയിഞ്ച് ആഫീസിനു കീഴിൽ ഉണ്ടായിരുന്ന അകമല ഡെപ്യൂട്ടി റെയിഞ്ച് ആഫീസ് നിർത്തലാക്കിയത് എന്നാണ്; ഇത് നിർത്തലാക്കാനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 18.04.2021-ലെ സ.ഉ. (കൈ) നമ്പർ 06/2021/ വനം പ്രകാരമാണ്, തൃശ്ശൂർ വനം ഡിവിഷനിലെ മച്ചാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന് കീഴിലുണ്ടാ യിരുന്ന അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയത്. തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ ഡിവിഷനിലെയും, പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെയും, വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്ന തിന്റെ ഭാഗമായാണ് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുനക്രമീകരണം നടത്തിയത്. |
| (ബി) | ആയത് നിർത്തലാക്കിയതിന് ശേഷം അകമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ചന്ദനമരങ്ങളടക്കമുള്ള വനവിഭവങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ; കാട്ടാനയും മറ്റ വന്യജീവികളും ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിച്ചതായ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | നിർത്തലാക്കിയതിന് ശേഷം പഴയ അകമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ചന്ദന മരങ്ങൾ അടക്കമുള്ള വനവിഭവങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 8 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാട്ടാനയും മറ്റ് വന്യജീവികളും ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിച്ചതായ കേസുകൾ ഒന്നും തന്നെ പഴയ അകമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | കൃഷി ഇടങ്ങളും വനവിഭവങ്ങളും സംരക്ഷിക്കുന്നതിനും, ജനങ്ങൾക്ക് ഭയാശങ്കകളില്ലാതെ ജീവിക്കുന്നതിനും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | അകമല ഫോറസ്റ്റ് സ്റ്റേഷൻ നിറുത്തലാക്കിയപ്പോൾ ആയതിൽ ഉൾപ്പെട്ടു വന്നിരുന്ന വനപ്രദേശം മറ്റ് ഫോറസ്റ്റ് സ്റ്റേഷനുകളിലേക്ക് ക്രമീകരിച്ച് നൽകുകയും അതനുസരിച്ച് പ്രസ്തുത സ്റ്റേഷനുകളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്തിരുന്നു. തൃശ്ശൂർ ഡിവിഷനിലെ നിലവിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. അകമല ഫോറസ്റ്റ് സ്റ്റേഷൻ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച ശുപാർശയൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ഡി) | പുനർവിന്യസിച്ച ഉദ്യോഗസ്ഥരെ തിരിച്ചു നിയമിച്ച് അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനസ്ഥാപിക്കുന്നതിന് | (ഡി) | അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച ശുപാർശയൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | മുന്തിയ പരിഗണന നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ